# STD - IV

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച്** **വിശുദ്ധ കുർബാന: ആഘോഷവും ജീവിതവും** **ഭാഗം - ഒന്ന്**

### ലക്ഷ്യം

നിത്യജീവന്റെ ഭോജനമായ വിശുദ്ധ കുർബാന വഴി ഒന്നിപ്പിക്കുന്ന സ്നേഹത്താൽ ദൈവത്തോടും സഹോദരങ്ങളോടും നാം ഐക്യത്തിൽ ജീവിക്കുന്നു. ദൈവപിതാവ് അനുദിനം നമുക്കായി ഒരുക്കുന്ന പരിശുദ്ധ കുർബാനയിൽ വിശുദ്ധിയോടെ പങ്കെടുത്ത് കൂട്ടായ്മയിൽ വളരും.

### പഠനസഹായികൾ

* Youtube Video “Discover Jesus - The Parables of Jesus Christ: The wedding banquet (Mathew 22:1-14) ESV Video
* വചനം - യോഹ. 6:54, അപ്പ. 2:46

### പാഠത്തിന്റെ ഉള്ളടക്കം

* എങ്ങനെയാണ് പരിശുദ്ധ കുർബാനയിൽ പങ്കെടുക്കേണ്ടത്?
* വിശുദ്ധ കുർബാന ആരാണ് സ്ഥാപിച്ചത്? എന്തിനുവേണ്ടി?
* ഐക്യത്തിന്റെ കൂദാശയാകുന്നതെങ്ങനെ?

### പ്രാർത്ഥന

ദിവ്യകാരുണ്യനാഥാ, അങ്ങേ സ്വീകരണത്തിലൂടെ ഒരേ മനസ്സായി സ്നേഹിച്ചും പങ്കുവെച്ചും ജീവിക്കാനുള്ള അനുഗ്രഹം ഞങ്ങൾക്ക് തന്നരുളണമേ.

### ചോദ്യങ്ങൾ

1. നിത്യജീവന്റെ ഭോജനം എന്താണ്?
2. വിശുദ്ധ കുർബാനയാകുന്ന വിരുന്നിൽ പങ്കെടുക്കാൻ നാം ഒരുങ്ങേണ്ടതെങ്ങനെ?
3. വിശുദ്ധ കുർബാന സ്ഥാപിച്ചതാര്?
4. ഐക്യത്തിന്റെ കൂദാശ എന്താണ്?
5. ദൈവപിതാവ് അനുദിനം നമുക്കൊരുക്കുന്ന വിരുന്ന് ഏതാണ്?

# STD - IV

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച്** **വിശുദ്ധ കുർബാന: ആഘോഷവും ജീവിതവും** **ഭാഗം - രണ്ട്**

### ലക്ഷ്യം

നിത്യജീവന്റെ ഭോജനമായ വിശുദ്ധ കുർബാന വഴി ഒന്നിപ്പിക്കുന്ന സ്നേഹത്താൽ ദൈവത്തോടും സഹോദരങ്ങളോടും നാം ഐക്യത്തിൽ ജീവിക്കുന്നു. പരസ്പരം സ്നേഹത്തിലും ഐക്യത്തിലും വളരും.

### പഠനസഹായികൾ

* വിശുദ്ധ കുർബാനയിലെ പ്രധാനഭാഗങ്ങൾ ചാർട്ട്.
* ചിത്രങ്ങൾ - ദിവ്യബലിക്ക് ഉപയോഗിക്കുന്ന പൂജാപാത്രങ്ങൾ, അൾത്താര സക്രാരി, വായനപീഠം.
* കുട്ടികളെ അൾത്താരിലും, സങ്കീർത്തിയിലും ഉള്ള പൂജ്യവസ്തുക്കൾ പരിചയപ്പെടുത്തുന്നു. സക്രാരി, റോമൻ മിസ്സാൾ, വായന പുസ്തകങ്ങൾ, വായനപീഠം, ബലിപീഠം

### പാഠത്തിന്റെ ഉള്ളടക്കം

* വിശുദ്ധ കുർബാനയിലെ പ്രധാന ഭാഗങ്ങൾ
* വിശുദ്ധ കുർബാന ബലിയാണ്
* വിശുദ്ധ കുർബാന സ്നേഹവിരുന്നാണ്.
* വിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശയാണ്
* വിശുദ്ധ കുർബാന അനുസ്മരണമാണ്
* വിശുദ്ധ കുർബാന ആഘോഷമാണ്.
* വിശുദ്ധ കുർബാന യോഗ്യതയോടെ കൈക്കൊള്ളേണ്ടതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### പ്രാർത്ഥന

ദിവ്യകാരുണ്യനാഥാ, വേണ്ടത്ര ഒരുക്കത്തോടും ഭക്തിയോടും അങ്ങേ ബലിയിൽ പങ്കുചേരുവാനും മറ്റുള്ളവരുമായി പരസ്പര സ്നേഹത്തിൽ ആയിരിക്കുവാനുമുള്ള അനു

ഗ്രഹം തന്നരുളണമേ.

## ചോദ്യങ്ങൾ

1. വിശുദ്ധ കുർബാനയുടെ വിശേഷണങ്ങൾ കണ്ടെത്തി എഴുതുക.
2. വിശുദ്ധ കുർബാനയിലെ പ്രധാനഭാഗങ്ങൾ ഏതെല്ലാം?
3. യേശുവിന്റെ ബലിയിൽ നമ്മെ ഭാഗഭാക്കുകളാക്കുന്ന കൂദാശ എന്താണ്?
4. യേശു അർപ്പിച്ച പെസഹാബലി പുനരാവിഷ്കരിക്കുന്ന അനുസ്മരണം എന്താണ്?
5. വിശുദ്ധ കുർബാന യോഗ്യതയോടെ കൈക്കൊള്ളേണ്ടതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?